(സി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പേപ്പർ ലോട്ടറി സംരക്ഷിക്കുന്നതിന് നിയമനിർമ്മാണത്തിന് സർക്കാർ മുൻകൈയെടുക്കുമോ;

(ഇ) കേരള ലോട്ടറി സമ്പൂർണ്ണമായി പുനഃസ്ഥാപിക്കാൻ നടപടി കൈക്കൊള്ളുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*:

(എ) പെരിയാർ, ചൈതന്യ, കൈരളി, സൗഭാഗ്യ എന്നീ ലോട്ടറികളാണ് നടത്തി വരുന്നത്.

(ബി) ഉണ്ട്.

(സി) 1998-ലെ കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമം സെക്ഷൻ 4-ലെ നിബന്ധനകൾക്ക് വിരുദ്ധമായി അന്യസംസ്ഥാന ലോട്ടറികൾ കേരളത്തിൽ വിൽപ്പന നടത്തിയിരുന്ന സാഹചര്യത്തിൽ അവർക്കെതിരെ കേന്ദ്ര നിയമം സെക്ഷൻ 6 പ്രകാരം നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 12-1-2004-ലും 23-8-2004-ലും കേന്ദ്ര ഗവൺമെന്റിന് കത്തയച്ചിട്ടുണ്ട്. കൂടാതെ 7-2-2005-ൽ മുഖ്യമന്ത്രി ഇതേ ആവശ്യം സംബന്ധിച്ച് കേന്ദ്രമന്ത്രി ശിവരാജ്പാട്ടീലിന് കത്തയയ്ക്കുകയും നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി കത്തിന്റെ പകർപ്പ് കേരളത്തിലെ എല്ലാ എം. പി. മാർക്കും പ്രതിപക്ഷനേതാവിനും നൽകുകയും ചെയ്തിരുന്നു. കേന്ദ്രഗവൺമെന്റിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല.

(ഡി) പേപ്പർ ലോട്ടറി സംബന്ധിച്ച് 20-4-2005-ലെ ജി.ഒ.പി. 65/05/നി.വ. പ്രകാരം നിയമനിർമ്മാണം നടത്തിക്കഴിഞ്ഞു.

(ഇ) കേരള ലോട്ടറി പുനഃസ്ഥാപിച്ചുകൊണ്ട് 22-4-2005-ൽ വിജ്ഞാപനം പുറപ്പെടുവിക്കുകയും 10-5-2005 മുതൽ നറുക്കെടുപ്പ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

മരുന്നുകളുടെ വിലവർദ്ധനവിനെതിരെ നടപടി

*17 [44] *ശ്രീ. ജോസഫ് എം. പുതുശ്ശേരി:*
,, *തോമസ് ഉണ്ണിയാടൻ:*
,, *സ്റ്റീഫൻ ജോർജ്:*

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാറ്റ് സമ്പ്രദായം നടപ്പിലാക്കിയതിനുശേഷം നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) വാറ്റ് നടപ്പിലാക്കിയതിന് ശേഷം മരുന്നുകൾ തുടങ്ങി പല അത്യാവശ്യ വസ്തുക്കൾക്കും അനുഭവപ്പെടുന്ന വിലവർദ്ധനവ് പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)* :

(എ) ഉണ്ട്. 30-6-2005-ലെ കണക്ക് പ്രകാരം മുൻവർഷം ഇതേ കാലയളവിൽ ലഭിച്ചതിനേക്കാൾ 73 കോടി രൂപ അധികമായി ലഭിച്ചിട്ടുണ്ട്.

(ബി) വിശദവിവരം ചുവടെ കൊടുത്തിരിക്കുന്നു.

30-6-2004 വരെയുള്ള നികുതി വരവ്	1136.33 കോടി
30-6-2005 വരെയുള്ള നികുതി വരവ്	1209.33 കോടി
വർദ്ധനവ് (തുക)	73.00 കോടി
,, (ശതമാനം)	6%.

(സി) വാറ്റ് നിലവിൽ വന്നശേഷം നിരവധി ഉൽപ്പന്നങ്ങളുടെ നികുതി നിരക്കിലും വിലയിലും കുറവുണ്ടായിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ട ഉൽപ്പന്നങ്ങൾ താഴെ കാണിച്ചിരിക്കുന്നവയാണ്:

(1) റെഡിമെയ്ഡ് വസ്ത്രങ്ങൾ
(2) മരുന്നുകൾ
(3) പി.വി.സി. പൈപ്പ്
(4) കാലിത്തീറ്റ
(5) ഇലക്ട്രിക് ഉപകരണങ്ങൾ
(6) അലുമിനിയം ഗൃഹോപകരണങ്ങൾ

നികുതി നിരക്കിന് വന്നിട്ടുള്ള കുറവിന് പുറമേ ഇൻപുട്ട് ടാക്സിന് കിഴിവ് ലഭിക്കുന്നതുമൂലം പൊതുവിൽ വില കുറയേണ്ടതാണ്. എന്നാൽ എടുത്തു പറയത്തക്ക മാറ്റം ചില ഇനങ്ങളുടെ വിലയിൽ മാത്രമേ ഉണ്ടായിട്ടുള്ളൂ. ചില ഉല്പന്നങ്ങൾക്ക് നികുതി കുറഞ്ഞെങ്കിലും വില പഴയ നിലയ്ക്കുതന്നെ നിലനിർത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സിമന്റ്, പ്ലാസ്റ്റിക് അസംസ്കൃത പദാർത്ഥങ്ങൾ, ചില പാനീയങ്ങൾ എന്നിവയാണ് ഉദാഹരണങ്ങൾ. ഭക്ഷ്യ-പൊതുവിതരണ-ഉപഭോക്തൃകാര്യ വകുപ്പുമായി ബന്ധപ്പെട്ട ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിലേക്ക് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്. വാറ്റ് നടപ്പിലാക്കുന്നതിലേക്കുള്ളതായ സംസ്ഥാന ധനമന്ത്രിമാരുടെ ഉന്നതാധികാര സമിതിയിൽ ഇക്കാര്യം ഉന്നയിച്ചിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly